"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഹമീദ ജലീസയുടെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലുള്ള നിരീക്ഷണകാലം ദീർഘിപ്പിച്ചു നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1348/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 16/07/2021

---

പരാമർശം:- 1. ഗ്രാമവികസന കമ്മീഷണറുടെ 23.06.2021-ലെ 6261/എസ്റ്റാ.ബി1/2021/സിആർഡി നമ്പർ നടപടിക്രമം.

2. ഗ്രാമവികസന കമ്മീഷണറുടെ 23.06.2021-ലെ 6261/എസ്റ്റാ.ബി1/2021/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഹമീദ ജലീസ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ 10.10.2017-ൽ സേവനത്തിൽ പ്രവേശിക്കുകയുണ്ടായി. ടിയാൾ വകുപ്പുതല പരീക്ഷ വിജയിക്കാതിരുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രൊബേഷൻ യഥാസമയം ഡിക്ലയർ ചെയ്തിരുന്നില്ല. അതിനാൽ, ടിയാളുടെ നിരീക്ഷണകാലം 10.10.2019 മുതൽ ഒരു വർഷത്തേയ്ക്ക് നിയമനാധികാരി പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്നും, 19.12.2020 തീയതിയിൽ നടന്ന വകുപ്പുതല പരീക്ഷയിൽ ശ്രീമതി ഹമീദ ജലീസ വിജയിച്ചിട്ടുള്ള സാഹചര്യത്തിൽ, മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായ ടിയാളുടെ പ്രൊബേഷൻ കാലയളവ് 20.12.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ ദീർഘിപ്പിച്ചു നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2)-ലെ കത്ത് മുഖേന അഭ്യർത്ഥിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ഹമീദ ജലീസ 19.12.2020-ന് പി.എസ്.സി. നടത്തിയ വകുപ്പുതല പരീക്ഷ പാസ്സായിട്ടുള്ള സാഹചര്യത്തിലും, ടിയാന്റെ പ്രൊബേഷൻ കാലം 10.10.2019 മുതൽ ഒരു വർഷത്തേയ്ക്ക് നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയിട്ടുള്ള സാഹചര്യത്തിലും, ടിയാളുടെ പ്രൊബേഷൻ കാലം 20.12.2020 പൂർവ്വാഹ്നം വച്ച് തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിയ്ക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, 10.10.2020 മുതൽ 21.12.2020 വരെ KS&SSRs Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

ജോയിന്റ് സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ശ്രീമതി ഹമീദ ജലീസ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മങ്കട (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയലൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ